(സി) പുരുഷതൊഴിലാളികളുടെ വേക്കൻസികളിൽ ആളുകളെ നിയമിക്കാൻ സാധിക്കാത്തതുമൂലം ഫാമുകളിൽ വന്നിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ മേൽ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അറുപത് (60) തൊഴിലാളികൾ ജോലി ചെയ്യുന്നു.

സ്ത്രീകൾ	52
പുരുഷന്മാർ	8

(ബി) നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ഫാമുകളിലെ തൊഴിലാളികളെ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ അനുമതിയോടെയാണ് നിയമിക്കുന്നത്.

(സി&ഡി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലെ തൊഴിലാളികളുടെ ഒഴിവ് നികത്തണമെന്ന കൃഷിഡയറക്ടറുടെ ആവശ്യം സർക്കാർ പരിശോധിച്ച് വരുന്നു.

വയൽ മണ്ണിട്ട് നികത്തുന്ന നടപടി

83 (2532) ശ്രീ എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി ചെയ്യുന്ന എത്ര ഹെക്ടർ വയൽ മണ്ണിട്ട് നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ട് എന്നുള്ള കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ വയലാണ് മണ്ണിട്ട് നികത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(സി) സർക്കാരിന്റെ അനുമതിയോടുകൂടി എത്ര ഹെക്ടർ വയൽ മണ്ണിട്ട് നികത്തിയിട്ടുണ്ട് ;

(ഡി) ഇത്തരത്തിൽ അനുമതിയില്ലാതെ മണ്ണിട്ട് നികത്തുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വിശദവിവരം താഴെ പറയുന്നു :

തിരുവനന്തപുരം	5,796.61 ഹെക്ടർ
കൊല്ലം	3,841.00 ഹെക്ടർ
പത്തനംതിട്ട	28.74 ഹെക്ടർ
ആലപ്പുഴ	1,385.91 ഹെക്ടർ
കോട്ടയം	353.67 ഹെക്ടർ
ഇടുക്കി	10.55 ഹെക്ടർ
എറണാകുളം	855.52 ഹെക്ടർ
തൃശ്ശൂർ	400.00 ഹെക്ടർ
പാലക്കാട്	439.14 ഹെക്ടർ
മലപ്പുറം	54.77 ഹെക്ടർ
വയനാട്	10.83 ഹെക്ടർ
കോഴിക്കോട്	00.63 ഹെക്ടർ
കണ്ണൂർ	00.12 ഹെക്ടർ
കാസർഗോഡ്	55.00 ഹെക്ടർ
ആകെ	13,232.49 ഹെക്ടർ

(സി) സർക്കാരിന്റെ അനുമതിയോടുകൂടി 1,333.52 ഹെക്ടർ വയൽ മണ്ണിട്ട് നികത്തിയിട്ടുണ്ട്.

(ഡി) അനധികൃതമായി നിലം നികത്തുന്നതിനെതിരെ 1967-ലെ കെ.എൽ.യു. ഉത്തരവു പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എൽ.യു. ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി 5-11-1999-ലെ 9911/എൻ.സി.എ3/99/കൃഷി നമ്പർ സർക്കുലർ 5-2-2002-ലെ 157/02/കൃഷി നമ്പർ സർക്കാർ ഉത്തരവ്, 28-2-2003-ലെ 9316/എൻ.സി. എ3/02 നമ്പർ സർക്കുലർ എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിലെ നിർദ്ദേശപ്രകാരം ജില്ലാ കളക്ടർമാർ അനധികൃത നിലം നികത്തലിനെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

തീരദേശ മണൽ സംരക്ഷണത്തെക്കുറിച്ചുള്ള പഠനം

84 (2533) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരദേശങ്ങൾ സംരക്ഷിക്കുന്നതിനെക്കുറിച്ചോ മണലിലെ ധാതുവിഭങ്ങളുടെ ലഭ്യതയെക്കുറിച്ചോ എന്തുമാത്രം മണൽ ലഭ്യമാണ് എന്നതിനെക്കുറിച്ചോ ബോയിൽ കൺസർവേഷൻ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;